"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - പത്തനംതിട്ട ജില്ലാ കളക്ടറുടെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ അക്കൗണ്ടിൽ തുക റീക്രൂപ്പ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1240/2026/HOME തീയതി,തിരുവനന്തപുരം, 31-03-2026

---

പരാമർശം:-
1) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ 25.11.2021 തീയതിയിലെ എഫ്.ബി.3/87612/21(2) നമ്പർ കത്ത്.
2) പത്തനംതിട്ട ജില്ലാ കളക്ടറുടെ 27.01.2025 ലെ കെ3-07/99/എൽ.എ.ആർ(1) നമ്പർ കത്ത്.
3) 06.03.2026 ലെ സ.ഉ (സാധാ) നം.2323/2026/ധന.
4) സംസ്ഥാന പോലീസ് മേധാവിയുടെ 21.03.2023 തീയതിയിലെ എച്ച്14-34548/2023/പിഎച്ച്ക്യൂ നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ല പോലീസ് സൂപ്രണ്ടിന്റെ ഓഫീസും, ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഭൂമി ഏറ്റെടുത്തതിന്റെ ഭാഗമായി നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് പത്തനംതിട്ട സബ് കോടതിയിലെ LAR-7/99 (EP-17/08) നമ്പർ കേസിൽ അഡ്മിറ്റെഡ് തുക അടിയന്തിരമായി കെട്ടിവയ്ക്കേണ്ടതാണെന്നും നേരത്തേ ജപ്തി ചെയ്തിട്ടുള്ള വസ്തുവിൽ 1 .5 ആർ വസ്തു ലേല നടപടികൾ ഉണ്ടാകും എന്നതിനാൽ LAR-7/99(EP/17-08)-ലെ 12.02.2019 -ലെ ഉത്തരവ് പ്രകാരം ഒടുക്കുവാനുള്ള ₹1,58,619/- രൂപ ഒടുക്കി ലേല നടപടികൾ ഒഴിവാക്കുന്നതിനായി ടി ഫണ്ട് 4055-00-207-97-PV എന്ന ശീർഷകത്തിൽ അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പാരമർശം 1-ലെ കത്ത് പ്രകാരം കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് അഭ്യർത്ഥിച്ചിരുന്നു.

2) മേൽ വിഷയത്തിൽ കേസ് തീർപ്പാക്കുന്നതിനായി ജില്ലാ കളക്ടറുടെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ അക്കൗണ്ടിൽ നിന്നും ജപ്തി ചെയ്ത 2,27,261/- രൂപ ഒടുക്കുവരുത്തിയിട്ടുള്ളതായും പ്രസ്തുത തുക റീ ക്രൂപ്പ് ചെയ്യുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം 2-ലെ കത്തു പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. LAR-7/99(EP 17/08) നമ്പർ കേസ് തൃപ്തികരമായി തീർപ്പാക്കിയതായി പരാമർശം 4-ലെ കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ജില്ലാ കളക്ടറുടെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ

അക്കൗണ്ടിൽ റീക്കൂപ്പ് ചെയ്യുന്നതിലേയ്ക്കായി 2,28,000/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തിയെട്ടായിരം രൂപ മാത്രം) 4055-00-207-97-01-PV എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

4) പരാമർശം 3-ലെ ഉത്തരവ് പ്രകാരം പ്രസ്തുത ആവശ്യത്തിനുള്ള തുക അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജീവ് മാത്യു

അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (09.03.2026 ലെ വ്യയം-എ3/100/2026-ധന (ഇ.3418713) പ്രകാരം)

പൊതുമരാമത്ത് (ഇ) വകുപ്പ്.

ഡയറക്ടർ, ഐ&പി.ആർ.ഡി. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Divya R S

Date: 31-03-2026 12:26:40

സെക്ഷൻ ഓഫീസർ